09 ആഗസ്റ്റ് 2018

# പ്രതിധ്വനി

കുടുംബശ്രീ വാർത്താ പത്രിക

Govt. Of Kerala

ലക്കം: 008


## പ്രധാനമന്ത്രിയുമായി നേരിട്ട് സംവദിച്ച് കുടുംബശ്രീ വനിത



പ്രധാനമന്ത്രി നരേന്ദ്രമോഡിയുമായി സംവദിക്കുന്ന ഷിജി

പ്രധാനമന്ത്രി നരേന്ദ്ര മോഡിയുമായി മലയാള ഭാഷയിൽ സംവദിച്ച് കോഴിക്കോട് സ്വദേശിനിയും കുടുംബശ്രീ അംഗവുമായ ഷിജി ശ്രദ്ധേയയായി. ഭവന രഹിതർക്ക് വീട് നിർമ്മിച്ച് നൽകുന്ന കേന്ദ്ര പദ്ധതിയായ പ്രധാനമന്ത്രി ആവാസ് യോജന (പിഎംഎവൈ) ഗുണഭോക്താവായ ഷിജിക്ക് ഇതേക്കുറിച്ചുള്ള തന്റെ അനുഭവങ്ങൾ പ്രധാനമന്ത്രിയോട് നേരിട്ട് പങ്കുവയ്ക്കാനുള്ള അവസരമാണ് ലഖ്നൗവിലെ ജൂപ്പീറ്റർ ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച ചടങ്ങിൽ ലഭിച്ചത്. പരിപാടിയിൽ പങ്കെടുക്കാൻ കേരളത്തിൽ നിന്ന് അവസരം ലഭിച്ച ഏക വ്യക്തി ഷിജിയായിരുന്നു. തനിക്ക് ഹിന്ദിയിൽ സംസാരിക്കാനറിയില്ലെന്ന് ഷിജി വ്യക്തമാക്കിയപ്പോൾ മലയാളത്തിൽ സംസാരിച്ചോളൂവെന്ന മറുപടി പ്രധാന മന്ത്രി നൽകുകയായിരുന്നു. പദ്ധതിയുടെ കേരളത്തിലെ നോഡൽ ഏജൻസി കുടുംബശ്രീയാണ്

ഒരു വീട് എന്ന തന്റെ സ്വപ്നത്തെക്കുറിച്ചും അത് യാഥാർത്ഥ്യമായപ്പോഴുള്ള സന്തോഷത്തെയും സമാധാനത്തെയും കുറിച്ചുമായിരുന്നു ഷിജിക്ക് പറയാനുണ്ടായിരുന്നത്. വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള 35 പിഎംഎവൈ ഗുണഭോക്താക്കൾ പരിപാടിയിൽ പങ്കെടുത്തു.

## വെള്ളപ്പൊക്ക ബാധിതർക്ക് ആശ്വാസമേകി ആരോഗ്യസേന



കുട്ടനാടിൽ വെള്ളപ്പൊക്ക ദുരിതബാധിതർക്ക് ആശ്വാസമായി കുടുംബശ്രീയുടെ ആരോഗ്യ സേന പ്രവർത്തനമാരംഭിച്ചു. മഴകുറഞ്ഞ് വെള്ളമിറങ്ങുമ്പോൾ പകർച്ചവ്യാധികൾ പടർന്ന് പിടിക്കാനുള്ള സാഹചര്യം മുൻനിർത്തി അവർക്ക് അവബോധം നൽകുകയും മറ്റ് ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തുകയുമാണ് ആലപ്പുഴ ജില്ലാ മിഷൻ രൂപംനൽകിയ ആരോഗ്യസേനയുടെ ദൗത്യം. ദേശീയ ആരോഗ്യ മിഷനുമായി ചേർന്ന് ഇതിനായി പ്രാഥമിക ഘട്ടത്തിൽ 50 പേർക്ക് പരിശീലനം നൽകി. ഇങ്ങനെ പരിശീലനം ലഭിച്ചവർ മറ്റ് 300 പേർക്ക് കൂടി പരിശീലനം നൽകുകയായിരുന്നു. സിഡിഎസ്, എഡിഎസ് അംഗങ്ങൾ, ബ്ലോക്ക് കോർഡിനേറ്റർമാർ, ജെൻഡർ റിസോഴ്സ് പേഴ്സൺമാർ, കമ്മ്യൂണിറ്റി കൗൺസിലർമാർ, എക്സാഥ് പരിശീലന ടീം അംഗങ്ങൾ എന്നിവരുൾപ്പെടുന്നതാണ് ആരോഗ്യസേന.

ദുരിതാശ്വാസ കേന്ദ്രങ്ങളിൽ സന്ദർശനം നടത്തുന്ന ആരോഗ്യ സേന അംഗങ്ങൾ അവബോധ ക്ലാസ്സുകൾ നൽകുന്നു. കൂടാതെ വിവിധ ഇടങ്ങളിൽ നിന്ന് ശേഖരിച്ച മരുന്നുകൾ, വസ്ത്രങ്ങൾ, ഭക്ഷണ പദാർത്ഥങ്ങൾ, ശുദ്ധജലം എന്നിവ പ്രളയബാധിത പ്രദേശങ്ങളിലെത്തി വിതരണവും ചെയ്യുന്നു. കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർ സുജ ഈപ്പൻ, അസിസ്റ്റന്റ് ജില്ലാ മിഷൻ കോർഡിനേറ്റർമാരായ പി. സുനിൽ, കെ.ബി. അജയ കുമാർ, എൻ. വേണുഗോപാൽ എന്നിവരാണ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്.

## ഭിന്നശേഷിക്കാർക്ക് നൈപുണ്യ പരിശീലനം:

### മന്ത്രി ഡോ. കെ.ടി. ജലീൽ സർട്ടിഫിക്കറ്റ് വിതരണം നിർവ്വഹിച്ചു

ഭിന്നശേഷിക്കാർക്ക് വേണ്ടിയുള്ള കുടുംബശ്രീ നൈപുണ്യ പരിശീലന പരിപാടി വിജയകരമായി പൂർത്തിയാക്കിയവർക്കുള്ള സർട്ടിഫിക്കറ്റ് വിതരണം തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ഡോ. കെ.ടി. ജലീൽ നിർവ്വഹിച്ചു. കുടുംബശ്രീ മുഖേന കേരളത്തിൽ നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ ദീൻ ദയാൽ ഉപാധ്യായ ഗ്രാമീണ കൗശല്യ യോജന (ഡിഡിയുജികെവൈ)യുടെ ഭാഗമായാണ് ഭിന്നശേഷിക്കാരിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിച്ചുള്ള പരിശീലനം നൽകുന്നത്. ഡിഡിയുജികെവൈ പ്രൊജക്ട് ഇംപ്ലിമെന്റിങ് ഏജൻസികളിൽ (പിഐഎ) ഒന്നായ എറണാകുളം കളമശ്ശേരിയിലെ രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസ് വഴി 2018-19 വർഷത്തിൽ ശാരീരിക-ബൗദ്ധിക വെല്ലുവിളി നേരിടുന്ന 150 പേർക്ക് നൈപുണ്യ പരിശീലനം നൽകാനാണ് കുടുംബശ്രീ ലക്ഷ്യമിട്ടിരിക്കുന്നത്. എറണാകുളം ആലുവയിലുള്ള കൃപ സെന്ററാണ് (കേരള റീഹാബിലിറ്റേഷൻ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദ ഫിസിക്കലി അഫക്ടഡ്) പരിശീലന കേന്ദ്രം. കോഴ്സ് പൂർത്തിയാക്കിയ 28 പേരിൽ എട്ട് പേർക്ക് ജോലി ലഭിച്ചു കഴിഞ്ഞു.

ബുക്ക് ബൈൻഡർ, ഫ്രണ്ട് ഓഫീസ് അസോസിയേറ്റ്, ഹൗസ് കീപ്പിങ് അറ്റൻഡന്റ് എന്നീ മൂന്ന് കോഴ്സുകളിലാണ് പരിശീലനം നൽകിയത്. ഫ്രണ്ട് ഓഫീസ് അസോസിയേറ്റ് കോഴ്സിന്റെ രണ്ടാം ബാച്ചിന്റെ പരിശീലനം ആരംഭിച്ചു കഴിഞ്ഞു. ബുക്ക് ബൈൻഡർ മേഖലയിൽ രണ്ടാം ബാച്ചിന്റെ പരിശീലനം ഉടൻ തന്നെ ആരംഭിക്കും. ഫ്രണ്ട് ഓഫീസ് അസോസിയേറ്റ്, ബുക്ക് ബൈൻഡർ എന്നീ മേഖലകളിൽ 60 പേർക്ക് വീതവും ഹൗസ് കീപ്പിങ് അറ്റൻഡന്റ് വിഭാഗത്തിൽ 30 പേർക്കും പരിശീലനം നൽകാനാണ് തീരുമാനിച്ചിരിക്കുന്നത്.

പരിശീലനാർത്ഥികൾക്ക് കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്, കമ്പ്യൂട്ടർ, സോഫ്ട് സ്കിൽസ് എന്നീ വിഷയങ്ങളിലും പരിശീലനം നൽകി വരുന്നു. യൂണിഫോം, ബാഗ്, ബുക്ക്, മറ്റ് പഠന ഉപകരണങ്ങൾ എന്നിവയെല്ലാം സൗജന്യമായാണ് നൽകുന്നത്. കൂടാതെ പ്രതിദിനം 125 രൂപ സ്റ്റൈപ്പൻഡും നൽകുന്നു. ബുക്ക് ബൈൻഡിങ് കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്നവർക്ക് എൻസിവിടി (നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയ്നിങ്) സർട്ടിഫിക്കറ്റാണ് നൽകുന്നത്. എസ്എസ്സി (സെക്ടർ സ്കിൽസ് കൗൺസിൽസ്) സർട്ടിഫിക്കറ്റാണ് ഫ്രണ്ട് ഓഫീസ് അസോസിയേറ്റ് കോഴ്സ് പൂർത്തിയാക്കുന്നവർക്ക് ലഭിക്കുന്നത്.



*മന്ത്രി ഡോ. കെ. ടി. ജലീൽ സർട്ടിഫിക്കറ്റ് വിതരണം നിർവ്വഹിക്കുന്നു*

15നും 35നും ഇടയിൽ പ്രായമുള്ള ഗ്രാമീണരായ യുവതീയുവാക്കൾക്ക് നൈപുണ്യപരിശീലനവും തൊഴിലും ഉറപ്പാക്കുന്ന ഡിഡിയുജികെവൈ പദ്ധതി ഏറ്റവും മികച്ച രീതിയിൽ നടപ്പിലാക്കിയതിന് തുടർച്ചയായ രണ്ടാം വർഷവും കുടുംബശ്രീയ്ക്ക് ദേശീയ പുരസ്ക്കാരം ലഭിച്ചിരുന്നു. സ്ത്രീകൾ, അംഗപരിമിതർ തുടങ്ങിയവർക്ക് 45 വയസ്സാണ് ഉയർന്ന പ്രായപരിധി. പദ്ധതി പ്രകാരം കുടുംബശ്രീ ഇതുവരെ 355568 പേർക്ക് പരിശീലനം നൽകി. ഇതിൽ 20564 പേർക്ക് തൊഴിലും ലഭിച്ചു. കഴിഞ്ഞ സാമ്പത്തിക വർഷം മാത്രം കേരളത്തിലെ 10663 യുവജനങ്ങൾക്ക് പരിശീലനവും തൊഴിലും ലഭ്യമാക്കി. ഇപ്പോൾ കേരളമുൾപ്പെടെ 29 സംസ്ഥാനങ്ങളിലും എല്ലാ കേന്ദ്ര ഭരണ പ്രദേശങ്ങളിലും പദ്ധതി നടപ്പാക്കുന്നു. ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗ മായുള്ള ഈ പദ്ധതി ദേശീയ ഗ്രാമീണ ഉപജീവന ദൗത്യത്തിൽ ഉൾപ്പെടുത്തി 2014ലാണ് കേന്ദ്ര ഗ്രാമവികസന മന്ത്രാലയം ആരംഭിച്ചത്. ടാലി, ബിപിഒ, റീട്ടേയ്ൽ. ഇൻഫർമേഷൻ ആൻഡ് കമ്മ്യൂണിക്കേഷൻ, ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് തുടങ്ങിയ നിരവധി മേഖലകളിൽ പദ്ധതി വഴി പരിശീലനം നൽകുന്നു.

### പ്ലംബിങ്, പെയ്ന്റിങ്, ഡ്രൈവിങ് മുതലായ സേവനങ്ങൾ ഒരു ഫോൺ കോൾ അകലത്തിൽ

## അർബൻ സർവ്വീസ് ടീം കൊച്ചി കോർപ്പറേഷനിലും

കുടുംബശ്രീ വഴി കേരളത്തിൽ നടപ്പാക്കുന്ന ദേശീയ നഗര ഉപജീവന ദൗത്യത്തിന് കീഴിൽ കൊച്ചി കോർപ്പറേഷനിൽ അർബൻ സർവീസ് ടീം പ്രവർത്തനം ആരംഭിച്ചു. പ്ലംബർ, ഇലക്ട്രീഷ്യൻ, പെയിന്റർ, ഡ്രൈവർ, മേസ്തിരി, ബ്യൂട്ടീഷ്യൻ തുടങ്ങിയവരുടെ സേവനം അർബൻ സർവീസ് ടീമിലൂടെ നേടാൻ **9995608203** എന്ന നമ്പരിൽ ബന്ധപ്പെട്ടാൽ മതി. ജൂലൈ 30ന് നടന്ന ചടങ്ങിൽ അർബൻ ടീമിന്റെ ഉദ്ഘാടനം കൊച്ചി കോർപ്പറേഷൻ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ എ.ബി. സാബു നിർവ്വഹിച്ചു. നേരത്തേ ഇതേ രീതിയിൽ പറവൂരിൽ അർബൻ സർവ്വീസ് ടീം പ്രവർത്തനം ആരംഭിച്ചിരുന്നു.




അഗതിരഹിത കേരളം

04

## പദ്ധതി ഗുണഭോക്താവിന് ലഭ്യമാകുന്ന അടിസ്ഥാനാവശ്യങ്ങൾ

അഗതിരഹിതകേരളം പദ്ധതിയിൽ ഗുണഭോക്താക്കളുടെ ആവശ്യാനുസരണം ഭൂമി, ഭവനം, കുടിവെള്ളം, ശൗചാലയം, വൈദ്യുതീകരണം എന്നീ അടിസ്ഥാനാവശ്യങ്ങളാണ് ലഭ്യമാക്കുന്നത്. അടിസ്ഥാന സൗകര്യ വികസനത്തിനായി പ്രധാനമായും തദ്ദേശ സ്വയംഭരണ സ്ഥാപന പൊതുവിഭാഗം വികസന ഫണ്ടാണ് ഉപയോഗിക്കുന്നത്. കുടുംബശ്രീ നൽകുന്ന ചലഞ്ച് ഫണ്ട് തുക ഇതിനായി വിനിയോഗിക്കുന്നതല്ല. ഇതിനു പുറമെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട ഒരു പ്രവർത്തനത്തിനും പദ്ധതി ഗുണഭോക്താക്കളെ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ്പയുമായി ബന്ധപ്പെടുത്താൻ പാടില്ല.

അഗതി കുടുംബങ്ങളുടെ പുനരധിവാസത്തിന് ഗ്രാമ പ്രദേശങ്ങളിൽ മൂന്ന് സെന്റിൽ കുറയാതെയും, നഗര പ്രദേശങ്ങളിൽ ഒന്നര സെന്റിൽ കുറയാതെയും ഭൂമി വാങ്ങി നൽകുന്നതായിരിക്കും. സ്ഥലം വാങ്ങുന്നതിനുള്ള വില എല്ലാ വിഭാഗം പദ്ധതി ഗുണഭോക്താക്കൾക്കും പട്ടികവർഗ്ഗ വിഭാഗക്കാർക്ക് നൽകുന്ന നിരക്കിന് തുല്യമായിരിക്കും. പദ്ധതി ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങി നൽകുമ്പോൾ രജിസ്ട്രേഷൻ ഫീസ്, സ്റ്റാംപ് ഡ്യൂട്ടി, ഡോക്യുമെന്റേഷൻ ചാർജ് എന്നിവ ഒഴിവാക്കുന്നതാണ്. ഇതിനായുള്ള തുക പദ്ധതിരേഖ തയ്യാറാക്കുമ്പോൾ വകയിരുത്തേണ്ടതാണ്.

ഭവന നിർമ്മാണത്തിന് പുറമെ ഭവന പുനരുദ്ധാരണവും ഈ പദ്ധതിയിൽ നടപ്പിലാക്കുന്നതാണ്. വീട് നിർമ്മിക്കുന്നതിനുള്ള സബ്സിഡി എല്ലാ വിഭാഗം പദ്ധതി ഗുണഭോക്താക്കൾക്കും പട്ടിക വർഗ്ഗ വിഭാഗത്തിന് നൽകുന്ന നിരക്കിന് തുല്യമായിരിക്കും. അഗതി പുനരധിവാസ പദ്ധതി പ്രകാരമോ മറ്റു ഏതെങ്കിലും സ്കീം പ്രകാരമോ മുൻകാലങ്ങളിൽ നല്കിയ ധനസഹായം കൊണ്ട് പണി പൂർത്തിയാകാത്ത വീടുകൾ വാസയോഗ്യമാക്കുന്നതിന് ആവശ്യമായ തുക നിലവിലുള്ള പദ്ധതി സബ്സിഡി മാനദണ്ഡങ്ങൾക്ക് വിധേയമായി ബന്ധപ്പെട്ട സാങ്കേതിക ഉദ്യോഗസ്ഥന്റെ എസ്റ്റിമേറ്റ് അനുസരിച്ച് തദ്ദേശഭരണ സ്ഥാപനത്തിന്റെ വിവിധ ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി നല്കുന്നതാണ്. അഗതി കുടുംബങ്ങൾക്ക് ഭവന നിർമ്മാണ ആനുകൂല്യം അനുവദിക്കുമ്പോൾ തുക മുൻകൂർ ഗഡുക്കളായി നൽകുന്നതുമായിരിക്കും.

പഞ്ചായത്തിൽ/ നഗരസഭയിൽ നിലവിലുള്ള കുടിവെള്ള പദ്ധതിയിൽ ഭൗതിക സാഹചര്യം അനുവദിക്കുകയാണെങ്കിൽ അഗതി കുടുംബങ്ങൾക്ക് ഗാർഹിക കണക്ഷൻ ലഭ്യമാക്കുകയോ സ്ഥല ലഭ്യതയ്ക്ക് അനുസൃതമായി തുറസായ കിണർ കുഴിക്കുകയോ ചെയ്യാവുന്നതാണ്. എസ്.ടി കുടുംബങ്ങൾക്ക് ഈ ആവശ്യങ്ങൾക്ക് നല്കുന്ന സബ്സിഡി തുക തന്നെയായിരിക്കും പദ്ധതി ഗുണഭോക്താക്കൾക്കും നൽകുന്നത്.

നിർമ്മൽ / ഒഡിഎഫ് പദ്ധതികൾ നടപ്പാക്കിയതിനു ശേഷവും പദ്ധതി ഗുണഭോക്താക്കൾക്ക് ഉപയോഗ യോഗ്യമായ ശുചിത്വ കക്കൂസ് ഇല്ലെങ്കിൽ അത്തരക്കാർക്കായി കക്കൂസ് നിർമ്മിച്ചു നൽകുന്നതിനുള്ള പ്രത്യേക പദ്ധതികൾ ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകൾക്ക് മുൻഗണന നൽകി ഏറ്റെടുക്കാവുന്നതാണ്.


**അടുത്ത ലക്കം: പദ്ധതി ഗുണഭോക്താവിന് ലഭ്യമാകുന്ന വികസനാവശ്യം സംബന്ധിച്ച സേവനങ്ങൾ.**

**കൂടുതൽ വിവരങ്ങൾക്ക്** : dfk.ksm@gmail.com


Printed and published by S. Harikishore IAS, Executive Director, Kudumbashree, State Poverty Eradication Mission, Government of Kerala, 2nd Floor, TRIDA Building, Chalakkuzhi Road, Medical College P.O., Thiruvananthapuram - 695011, Kerala. Editor: Ramlath.P, Managing Editor: Jayanthi Narendran, Associate Editors: Asha S. Panicker, Chaithanya. G, Manjary Asok. Design: Arun S, E-mail: prteamkshreeho@gmail.com